LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മറ്റു സർക്കാർ ആശുപത്രികളിൽ എന്നത് പോലെ ആർ.സി.സി.-യിൽ എത്തുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്കും ബന്ധുക്കൾക്കും താമസസൗകര്യം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ചികിത്സയ്ക്കായി വിദൂര ജില്ലകളിൽ നിന്നും വരുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും സന്നദ്ധ സംഘടനയുടെ സഹായത്തോടെ തിരുവനന്തപുരത്ത് താമസസൗകര്യം ഒരുക്കിയിട്ടുണ്ട്.

(സി) ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സുരക്ഷാ കേരളം പദ്ധതി - അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ

37 (702) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി 2014-15 വർഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും, ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2014-15 വർഷം എത്ര പരിശോധനകൾ നടത്തി ; ഏതെല്ലാം മേഖലകളിൽ; ഇവയിൽ അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ എത്ര; പ്രസ്തുത ക്യാമ്പുകളിൽ താമസിച്ചുവന്ന തൊഴിലാളികൾ എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പരിശോധനയിൽ ഏതെല്ലാം രോഗങ്ങൾ പേറുന്ന എത്ര പേരെ കണ്ടെത്തി; എന്തെല്ലാം സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി എന്നും ഇവിടങ്ങളിൽ നടത്തിയ തുടർ പ്രവർത്തനങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ;

(ഡി) 2014-15 വർഷം നടത്തിയ പരിശോധനകളിൽ എത്ര ക്യാമ്പുകൾക്ക് നോട്ടീസ് നൽകി ; എത്ര ക്യാമ്പുകൾ പൂട്ടി; നോട്ടീസ് നൽകിയ വകയിൽ നടത്തിയ തുടർപ്രവർത്തനങ്ങൾ എന്തെല്ലാം;ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സുരക്ഷാ കേരളം പദ്ധതി നടത്തിപ്പിനായി സർക്കാർ ലഭ്യമാക്കിയ തുക എത്ര ; എത്ര തുക ചെലവാക്കി ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സുരക്ഷാ കേരളം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി.

1. സംസ്ഥാന വ്യാപകമായി 2 പ്രാവശ്യം ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലത്തും ജോലി ചെയ്യുന്ന സ്ഥലങ്ങളിലും പരിശോധന നടത്തി.

2. ആഹാരത്തിലൂടെ പകരുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഭക്ഷണ സാധനങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥലങ്ങൾ എന്നി വിടങ്ങളിൽ സംസ്ഥാന വ്യാപകമായി 3 പ്രാവശ്യം പരിശോധന നടത്തി.

3. സംസ്ഥാന വ്യാപകമായി 2 പ്രാവശ്യം സ്വകാര്യ ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മഞ്ഞപ്പിത്തം ബി, സി എന്നിവ നിയന്ത്രിക്കുന്നതിനുമായ പരിശോധന നടത്തി.

4. വീടുകൾ, സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ഒരു പ്രാവശ്യം പരിശോധന നടത്തി.

5. സ്കാനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് സംസ്ഥാന വ്യാപകമായി ഒരു പ്രാവശ്യം പരിശോധന നടത്തി.

6. സ്കൂളുകളിലെ ശുചിത്വ/കുടിവെള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും മറ്റുമായി 3 പ്രാവശ്യം സംസ്ഥാന വ്യാപകമായി പരിശോധന നടത്തി.

7. സുരക്ഷാ കേരളം പരിപാടിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ വച്ച് സമീപ ജില്ലകളെ യോജിപ്പിച്ച് അവലോകന യോഗങ്ങൾ സംഘടിപ്പിച്ചു നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) താഴെപ്പറയുന്ന മേഖലകളിൽ പരിശോധന നടത്തി.

സ്കൂൾ	- 3
ഹോട്ടലുകൾ, റസ്റ്റോറന്റുകൾ	- 3
ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ	- 2
വീടുകൾ, മറ്റു സ്ഥാപനങ്ങൾ	- 1
സ്കാനിംഗ് സെന്ററുകൾ	- 1
ലാബുകൾ	- 2

മറ്റ് വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(സി) രോഗം സംശയിക്കുന്നവരുടെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു. രോഗം സംശയിക്കുന്നവരുടെ തുടർ പരിശോധന അതത് സ്ഥലത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടത്തി. രോഗം സ്ഥിരീകരിച്ചവർക്ക് ചികിൽസയും, കൂടാതെ രോഗ നിയന്ത്രണത്തിനുള്ള പ്രവർത്തനങ്ങളും നടത്തി.

(ഡി) നോട്ടീസ് കാലാവധി തീരുന്നതിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന നടത്തി വീഴ്ചകൾ പരിഹരിച്ചു എന്ന് ഉറപ്പു വരുത്തി. മറ്റ് വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഇ) സുരക്ഷാ കേരളം പദ്ധതിക്കായി പ്രത്യേകം ഫണ്ട് നൽകിയിട്ടില്ല.

സ്വാസ്ഥ്യം പദ്ധതി

38 (703) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാസ്ഥ്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ജനങ്ങളെ സ്ക്രീനിംഗ് നടത്തി ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്, വ്യക്തമാക്കാമോ ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്യാൻസർ നിർണ്ണയത്തിനായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹ്യസുരക്ഷാ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് സ്വാസ്ഥ്യം പദ്ധതി. 2015 ഫെബ്രുവരി 4-ന് ഈ പദ്ധതി നിലവിൽ വന്നു.

(ബി) സംസ്ഥാനത്ത് 42 ലക്ഷത്തോളം വരുന്ന കുടുംബശ്രീ പ്രവർത്തകരിലൂടെ ക്യാൻസർരോഗ ബോധവത്കരണവും ക്യാൻസർരോഗ നിർണ്ണയവും നടത്തുക എന്നതാണ് സ്വാസ്ഥ്യം പദ്ധതിയുടെ ഉദ്ദേശ്യം. കുടുംബശ്രീ പ്രവർത്തകർക്ക്

LIBRARY ARCHIVES Kerala Legislative Assembly